പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 147

21.03.2012-ൽ മറുപടിയ്ക്ക്

## പരമ്പരാഗത വ്യവസായവും തൊഴിലുറപ്പ് പദ്ധതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ. ക്ഷീരമേഖല, ഫിഷറീസ്, കയർ, പരമ്പരാഗത വ്യവസായം മാലിന്യ സംസ്ക്കരണം തുടങ്ങിയവയെ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | എ. പൂർണ്ണമായി അംഗീകരിച്ചിട്ടില്ല. ഇതിനായി നിയോഗിച്ച സമിതിയുടെ ശുപാർശ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| ബി. എങ്കിൽ ഏതൊക്കെ ഇനങ്ങളാണ് പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ; | ബി. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിന് ഡോ: മിഹിർഷാ അദ്ധ്യക്ഷനായുള്ള സമിതിയെ കേന്ദ്രസർക്കാർ നിയമിച്ചു. ഈ സമിതി തയ്യാറാക്കിയ കരട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ താഴെ പറയുന്ന പുതിയ മേഖലകൾ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുള്ളതായി അറിവായിട്ടുണ്ട്.<br>1. നീർത്തടാധിഷ്ഠിത പ്രവർത്തികൾ.<br>2. മലമ്പ്രദേശങ്ങളിലെ നീർത്തട പ്രവർത്തികൾ.<br>3. കൃഷിയും അനുബന്ധ പ്രവർത്തികളും.<br>4. മൃഗസംരക്ഷണ പ്രവർത്തികൾ.<br>5. മത്സ്യബന്ധന പ്രവർത്തികൾ.<br>6. തീരദേശ പ്രവർത്തികൾ.<br>7. കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രവർത്തികൾ.<br>8. ശുചിത്വ പ്രവർത്തനങ്ങൾ. |
| സി. ഏപ്രിൽ മാസം അവസാനത്തോടെ കേന്ദ്ര സർക്കാർ പുതുതായി ഏതാനും ഇനം പ്രവർത്തികൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് കരുതുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | സി. സംസ്ഥാനങ്ങളുടെ പ്രത്യേകതകൾക്കനുയോജ്യമായി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനമാർഗ്ഗരേഖ പരിഷ്കരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി ദേശീയ ആസൂത്രണ സമിതി അംഗം ഡോ: മിഹിർഷാ അദ്ധ്യക്ഷനായി ഒരു സമിതിയെ കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ കരട് റിപ്പോർട്ടിൻമേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. |

| | | |
|---|---|---|
| മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്ത മായി പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കാ മോ ? | ഡി. | **തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന വിധത്തിൽ അവകാശാധിഷ്ഠിതമായി പദ്ധതിയിൽ തൊഴിൽ നൽകാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ രജിസ്ട്രേഷൻ, പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ പഠനങ്ങൾ എന്നിവയ്ക്കായി സുതാര്യവും കാര്യക്ഷമവുമായ സംവിധാനങ്ങൾ ഗ്രാമ/ബ്ളോക്ക്/ജില്ലാ/ സംസ്ഥാന തലങ്ങളിൽ സർക്കാർ ഇതിനകം ഒരുക്കിയിട്ടുണ്ട്.** |

**സെക്ഷൻ ഓഫീസർ.**